**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2633** **22-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി നിയോജക മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം കൊച്ചി നിയോജക മണ്ഡലത്തിൽ ഭൂമിയും ഭവനവും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 45 പേർക്ക് ഭൂമിയും ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം 102 പേർക്ക് ഭവനവും പ്രസ്തുത നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ എത്ര പേർക്ക് പ്രസ്തുത നിയോജക മണ്ഡലത്തിൽ ആനുകൂല്യം നൽകാൻ ബാക്കിയുണ്ട്; വ്യക്തമാക്കാമോ; | (ബി) | അപേക്ഷ സമർപ്പിച്ച അർഹരായ 46 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ അവശേഷിക്കുന്നു. |
| (സി) | 2021 മാർച്ച് 31 നു മുമ്പ് അർഹരായ എല്ലാ അപേക്ഷകർക്കും പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ആനുകൂല്യത്തിനു തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾ വാസയോഗ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ